For Private Circulation Only

May 2018

ആഗമനാദുനൽ

Vol.65 | “ ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ” (എഫെ. 5:1) | No.5

ദൈവം എല്ലാറ്റിനും മീതെ

By A.W. Tozer

ദൈവം താൻ ആയിരിക്കുന്നതുപോലെ ഏറ്റുകൊള്ളുവാനോ ജീവിതങ്ങളെ അവിടുത്തെ ഇഷ്ടപ്രകാരം ഏല്പിക്കുവാനോ ഉള്ള വൈമനസ്യമാണ് ഇന്നത്തെ ഏറിയ പങ്ക് വിശ്വാസികളുടെയും പരാജയം. ദൈവത്തെ നമ്മുടെ ചിന്താഗതിക്കനുസരിച്ച് രൂപപ്പെടുത്തുവാനാണ് നാം ആഗ്രഹിക്കുന്നത്. ജഡത്തിന്റെ ചിന്തകൾ ദൈവത്തിന്റെ പ്രമാണങ്ങൾക്ക് എതിരാണ്. അത് പ്രയോജനമില്ലാത്തതുമാണ്. ദൈവം ആയിരിക്കുന്നതുപോലെ ദൈവത്തെ സ്നേഹിക്കുവാൻ പഠിപ്പിക്കുകയുമാണ് ഒരു വിശ്വാസിക്കു വേണ്ടത്. ദൈവം ആയിരിക്കുന്നതുപോലെ അംഗീകരിക്കയും ദൈവത്തെ സ്നേഹിക്കുവാനും തുടങ്ങുമ്പോൾ പറഞ്ഞു തീരാത്ത സന്തോഷത്തിന്റെ ഉറവിടത്തെ രുചിച്ചറിയുവാനിടയാകും. ദൈവത്തെ ഭയപ്പെടുകയും ബഹുമാനിക്കയും സ്നേഹിക്കുകയും ചെയ്യുന്ന ജീവിതത്തിന്റെ ആനന്ദകരമായ അനുഭവം ശ്രേഷ്ഠമേറിയതാണ്. ദൈവത്തെ കൂടാതെയുള്ള ജീവിതം ഏറെ പരിതാപകരമാണ്.

അതുകൊണ്ട് ദൈവത്തോടുകൂടെ ആരഭിക്കാം. എല്ലാറ്റിന്റെയും പുറകിൽ, എല്ലാറ്റിന്റെയും മുകളിൽ എല്ലാറ്റിന്റെയും മുമ്പിൽ ദൈവമാണ് എല്ലാം നിരയിലും നിലവാരത്തിലും സ്ഥാനത്തിലും ബഹുമാനത്തിലും എല്ലാം മുകളിൽ ദൈവമാണ് സ്വയം ഭൂവായ ദൈവം എല്ലാറ്റിന്റെയും കാരണക്കാരനും, എല്ലാം ദൈവത്തിൽ നിന്നും എല്ലാം ദൈവത്തിനും വേണ്ടിയും ആകുന്നു. “കർത്താവേ. നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊള്ളുവാൻ യോഗ്യൻ” (വെളി. 4:11).

ഓരോ ആത്മാവും ദൈവത്തിന്റെ വകയും ദൈവത്തിന്റെ കരുണയാൽ ജീവിക്കുന്നവരുമാണ്. ദൈവം താൻ എന്തായിരിക്കുന്നു എന്നതും നാം എന്ത് ആയിരിക്കുന്നു എന്നതും ചിന്തിക്കേണ്ടതായ ഒരു വിഷയവും ദൈവം തന്റെ നിലയിൽ എല്ലാറ്റിനും കർത്താവും നാം നമ്മുടെ നിലയിൽ ദൈവത്തിന് സമ്പൂർണ്ണമായി സമർപ്പിക്കപ്പെടേണ്ടവരും ആണ്. എല്ലാ ബഹുമാനവും നാം ദൈവത്തിന് അർപ്പിക്കേണ്ടവരാണ്. നമ്മുടെ നിത്യമായ ദു:ഖവും ബലഹീനതയും എന്നത് ദൈവത്തിന് തക്കമഹത്വം കൊടുപ്പാൻ നമുക്ക് കഴിയുന്നില്ല എന്നതാണ്. ദൈവത്തെ പിന്തുരടരുക എന്നുവച്ചാൽ നമ്മുടെ മുഴു വ്യക്തിത്വവും ദൈവവുമായി അനുരൂപപ്പെടുക എന്നതാണ്. അത് നിർബ്ബന്ധത്താലല്ല, പ്രത്യുത, മനപൂർവ്വമായി ചെയ്യേണ്ടതാണ്. വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ചല്ല ഇവിടെ പറയുന്നത്. സൃഷ്ടിതാവും സൃഷ്ടിയും എന്ന ബന്ധത്തെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ആരാധനാപൂർണ്ണമായ സമർപ്പണത്തോടെ ദൈവത്തിന്റെ പദവിക്കു കൊടുക്കുന്ന മന: പൂർവ്വമായ ബഹുമാനമാണത്.

നമ്മുടെ മനസ്സിനെ അതിനായി ഒരുക്കുന്ന ആ നിമിഷം എന്നത് നാം ലോകത്തിന്റെ ചുവടുകളെ വിട്ട് ദൈവത്തെ നമ്മുടെ ജീവിതത്തിന്റെ എല്ലാറ്റിനും എല്ലാമായി ഏറ്റുകൊള്ളുവാൻ സമർപ്പിക്കുകയാണ്. ലോകത്തിന്റെ വഴികളിൽ നടക്കുന്നതിന്റെ ആപത്തു മനസ്സിലാക്കി, ദൈവത്തിന്റെ വിശുദ്ധ വഴിയിൽ കൂടുതലായി നമ്മെ സമർപ്പിച്ചുവളരുന്ന അനുഭവമാണിത്. അപ്പോൾ നാം ഒരു പുതിയ കാഴ്ചപ്പാടുള്ള വരായിത്തീരുന്നു. നമ്മുടെ ഉളളിൽ വ്യത്യസ്തമായ ഒരു മന:ശാസ്ത്രം രൂപപ്പെടുന്നു. ദൈവശക്തിയുടെ അത്ഭുതപ്പെടുത്തുന്ന ഇരച്ചു കയറ്റവും കവിഞ്ഞൊഴുക്കും ഉണ്ടാകുന്നു.

ലോകവുമായിട്ടുള്ള എല്ലാ ബന്ധങ്ങളും വിട്ട് പുറത്തു വന്ന് ദൈവവുമായുള്ള ഒരു പുതിയ ബന്ധം സ്ഥാപിച്ചെടുക്കുകയാണ് ആ വീഴ്ച ഭവിച്ച മാനവകുലം ദൈവത്തെ ബഹുമാനിക്കുന്നില്ല. ദൈവത്തിന്റെ നാമത്തിൽ വിളിക്കപ്പെടുന്ന അനേകായിരിങ്ങളുണ്ട്. ചിലർ ദൈവത്തെ ബഹുമാനിക്കുന്നു എന്നത് സത്യമാണ്. പക്ഷേ ഒരു ചെറിയ പരിശോധന അവരുടെ അവസ്ഥയെ വെളിപ്പെടുത്തും. ജീവിതത്തിലെ ഒന്നാമത്തെ കാര്യം എന്ത് എന്നോ വ്യക്തി ഏതെന്നോ ഓരോരുത്തരും കരുതി ഉറപ്പിച്ചകൊള്ളട്ടെ. ദൈവമാണോ പണമാണോ ദൈവമാണോ മനുഷ്യനാണോ, ദൈവമാണോ വ്യക്തിപരമായ താല്പര്യങ്ങളാണോ, ദൈവമാണോ സ്വാർത്ഥതയാണോ, ദൈവമാണോ മനുഷ്യന്റെ സ്നേഹമാണോ എന്തിനാണ് മുൻസ്ഥാനം കൊടുക്കുന്നതെന്ന് പരീശോധിക്കണം. പലപ്പോഴും മനുഷ്യൻ ദൈവത്തിന് രണ്ടാമത്തെ സ്ഥാനമാണ് കൊടുക്കുന്നത്. മറ്റുള്ള കാര്യങ്ങൾ മുന്നിട്ട് നില്ക്കും. അനുദിന ജീവിത അനുഭവങ്ങൾ അതത്രേ വെളിപ്പെടുത്തുന്നത്.

നിന്റെ ശക്തിയിൽ ഉയർന്നിരിക്കേണമേ

“ യഹോവേ, നിന്റെ ശക്തിയിൽ ഉയർന്നിരിക്കേണമേ” (സങ്കീ. 21:13). ഇത് വിജയകരമായ ആത്മീയമായജീവിതത്തിന്റെ ഭാഷയാണ്. കൃപയുടെ മഹത്തായ വാതിലിനെ തുറക്കുന്ന താക്കോൽ ആണിത്. ആത്മാക്കളിൽ ദൈവം ജീവിക്കുന്നു എന്നതിന്റെ തെളിവാണിത്. ദൈവത്തെ അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു,

പാപം അനന്തമായ തിന്മ

By William S. Plumer (1802-1880)

പറയൂ നിങ്ങൾ എന്താണ് പാപത്തെക്കുറിച്ച് ചിന്തിക്കുന്നത്, ഞാൻ പറയാം നിങ്ങൾ എന്താണ് ദൈവത്തെക്കുറിച്ച് ചിന്തിക്കുന്നതെന്ന്, ക്രിസ്തുവിനെക്കുറിച്ച്, പരിശുദ്ധാത്മാവിനെക്കുറിച്ച്, ദൈവത്തിന്റെ പ്രമാണങ്ങളെക്കുറിച്ച് അനുഗ്രഹിക്കപ്പെട്ട സുവിശേഷത്തെക്കുറിച്ച് ആവശ്യമായിരിക്കുന്ന സത്യത്തെക്കുറിച്ച് നിങ്ങളോട് പറയാം. പാപത്തെ ഒരു കെട്ടുകഥ പോലെ, ഒരു നിർഭാഗ്യം പോലെ, ഒരു നിസ്സാരകാര്യം പോലെ കാണുന്നവനു ഒരു മാനസാന്തരത്തിന്റെയോ ഒരു വലിയ യാഗത്തിന്റെയോ ആവശ്യമില്ല. ഒരുവൻ തന്നിൽ പാപം ഇല്ല എന്ന് ചിന്തിക്കുന്നുവെങ്കിൽ അവൻ ഒരു രക്ഷിതാവിനെക്കുറിച്ച് ബോധവാനുമല്ല. പാപത്തെക്കുറിച്ച് ബോധവാനല്ലാത്ത ഒരു വ്യക്തിക്ക് തന്റെ പ്രകൃതിക്ക് ഒരു വ്യത്യാസം വരണം എന്ന ആഗ്രഹവുമില്ല. പാപത്തെ നിസാരമായി കാണുന്നവൻ പുറമേയുള്ള കാര്യങ്ങളിൽ മാത്രം തൃപ്തിയടയുന്നു.

ദൈവം പാപത്തിന്റെ കാഠിന്യത്തെക്കുറിച്ചു സംസാരിക്കുന്നത്, “ആകാശമേ, ഇതിങ്കൽ വിസ്മയിച്ച് ഭ്രമിച്ച് ഏറ്റവും സ്തംഭിച്ചുപോക എന്ന് .ഹോവയുടെ അരുളപ്പാട്. “എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു, അവർ ജീവന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ Xs¶ Ipgn-¨ nen¡p¶p” (യിരെ. 2:12,13). ദൈവം സത്യത്തിന്റെ ദൈവമാണ് പ്രയോജനമില്ലാത്തതൊന്നും അവിടുന്ന് സംസാരിക്കയില്ല.

പാപത്തിന്റെ പ്രവൃത്തിയെ സംബന്ധിച്ച് ഒരു ദൈവഭക്തൻ ദൈവത്തോട് നിയമം ചെയ്തവനാണ്. ഒരു ദൈവഭക്തൻ പാപത്തെ സംബന്ധിച്ച് കുറ്റബോധമുണ്ടായിട്ട് അവന്റെ ഹൃദയത്തിൽ കയ്പോടെ ദൈവത്തോട് കരയുകയും അവന്റെ പ്രാർത്ഥന ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേയ്ക്ക് ചെന്നിട്ട് പാപത്തിന്റെ ശക്തിയിൽ നിന്നും വിടുതലെടുക്കുകയും ചെയ്യുന്നു. മനുഷ്യന്റെ പാപങ്ങളെ നിസാരമായി കാണുകയോ മനുഷ്യന്റെ വെറുക്കപ്പെട്ട പാപങ്ങളെയും അതിന്റെ സ്വാധീനങ്ങളെയും ന്യായീകരിക്കയോ ചെയ്യുവാൻ ദൈവവചനത്തിന്റെ വഴിക്ക് സാദ്ധ്യമല്ല. ചിന്തയിലോ വാക്കിലോ പ്രവൃത്തിയിലോ ഉള്ള ദുഷ്ട വിചാരങ്ങൾ പാപമാണ്. മനുഷ്യന്റെ പാപത്തിന് യാതൊരു ന്യായീകരിണവുമില്ല, അത് നിത്യമായി പാപം തന്നെ.

പാപത്തെ ദൈവം വെറുക്കുന്നു.

പാപം ചെയ്യുന്നവൻ നിത്യനായ ദൈവത്തോടത്രേ പാപം ചെയ്യുന്നത്. മനുഷ്യന്റെ പാപം അവനെ രോഗത്തിലേയ്ക്കും വരൾച യിലേക്കും നയിക്കയും അവന്റെ പദവിയിൽ നിന്നും അവനെ തള്ളിയിടുകയും ചെയ്യുന്നു. ദൈവവചനം പറയുന്നത്, “മനുഷ്യൻ മനുഷ്യനോടു പപം ചെയ്താൽ അവനുവേണ്ടി ദൈവത്തോട് അപേക്ഷിക്കാം. മനുഷ്യൻ യഹോവയോടു പാപം ചെയ്താൽ അവനുവേണ്ടി ആർ അപേക്ഷിക്കും” (1ശമു.2:5). ദൈവം നമ്മുടെ സൃഷ്ടിതാവാണ്. പിതാവാ

(tijw 8pmwt]PnÂ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. “എല്ലാറ്റിന്റെയും സാരം കേൾക്ക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കൽപനകളെ പ്രമാണിച്ചുകൊൾക അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്” (ലൂക്കോ. 6:27, 28)

2018-ാം വർഷത്തിന്റെ ഏപ്രിൽ മാസം നമ്മെ വിട്ട് കടന്നുപോയി. മെയ് മാസത്തിലേക്ക് നാം കടന്നുവന്നിരിക്കുന്നു.

അതിശയവും അത്ഭുതകരവുമായ വഴികളിലൂടെ പ്രവർത്തിക്കുവാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. പ്രതികൂലങ്ങളേയും സങ്കടങ്ങളേയും ഉറപ്പോടും ധൈര്യത്തോടും കൂടെ നേരിടാൻ കർത്താവ് നിങ്ങൾക്ക് കൃപ നൽകും. നിങ്ങൾ ശക്തിമേൽ ശക്തി പ്രാപിക്കും. ദൈവം നിങ്ങളുടെ ദീനാരോദനം കേട്ട് അതിനെ സ്തുതിയിനുറവിടമാക്കിത്തീർക്കും. യേശുവിനെ മുറുകെപിടിച്ചുകൊൾവിൻ. നമ്മുടെ ഹൃദയത്തിൽ ആശ്വാസം ലഭ്യമാക്കിയിട്ടുള്ള നമ്മെക്കൊണ്ടു ആവശ്യത്തിൽ ഇരിക്കുന്ന മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ തക്ക ഒരു ഉപകരണമായി ഉപയോഗിക്കാൻ കർത്താവ് നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. അവന്റെ നാമമഹത്വത്തിനു വേണ്ടി നിങ്ങളുടെ ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കാൻ നിശ്ചയമായും ദൈവം നിങ്ങൾക്കു കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ ***IFSC code SBIN 0070028 A/c. No.*** *67342839891 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926

കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

വിശ്വാസത്തോടെ ഉണർവ്വിനായി പ്രാർത്ഥിക്കുക

By W.C.Moore

യോശുവയും കാലേബും ദൈവത്തിൽ വിശ്വസിച്ചു. അവർ വാഗ്ദത്ത ദേശത്തു പ്രവേശിച്ചു. യേശു ഇങ്ങനെ പറഞ്ഞു. (മത്താ. 9:29). പാലും തേനും ഒഴുകുന്ന കനാൻ ദേശത്തെക്കുറിച്ചുള്ള ദൈവത്തിന്റെ സകല യിസ്രായേൽ മക്കൾക്കും വേണ്ടിയുള്ളതായിരുന്നു. എന്നാൽ അവരുടെ അവിശ്വാസം നിമിത്തം ആ വലിയ കൂട്ടം ജനം അതിൽ പ്രവേശിച്ചില്ല.

യോശുവയും കാലേബും ജാഗ്രതയോടെ ദൈവത്തെ നോക്കി, പൂർണ്ണമായി ദൈവത്തെ വിശ്വസിച്ചു. ദൈവത്തോടു ചേർന്നു. നടന്നു, വാഗ്ദത്ത ദേശത്തു പ്രവേശിപ്പാൻ സമയമായപ്പോൾ അവർ ഒരുക്കമായിരുന്നു. വാഗ്ദത്തം ചെയ്തതിനെ നിവർത്തിപ്പാൻ പൂർണ്ണമായി കഴിവുള്ളവൻ തന്നെ എന്ന് ദൈവത്തെ വിശ്വസിച്ചു. അവരുടെ മനസും ഹൃദയവും ദൈവത്തിൽ ഉറച്ചു നിന്നു, സാഹചര്യങ്ങളെയോ ആളുകളെയോ അവർ നോക്കിയില്ല.

പെന്തെക്കോസ്തു നാളിനു മുമ്പ് നൂറ്റി ഇരുപതു പേരെ ദൈവം വിശ്വസ്തർ എന്ന് എണ്ണി, അവർ ഉയരത്തിൽ നിന്നും ശക്തി ലഭിക്കുവോളം വാഗ്ദത്തത്തിനായി കാത്തിരുന്നു. ആളുകൾ ഇന്നും ദൈവത്തിൽ വിശ്വസിച്ച് ഒരു ഉണർവ്വിനായി കാത്തിരിക്കുന്നു. എ.ഡി.33-ൽ പ്രവർത്തിച്ച ദൈവം ഇന്നും ജീവിക്കുന്നു. വർഷങ്ങളായി അവിടുന്ന് പ്രാർത്ഥനയ്ക്ക് മറുപടി നൽകിക്കൊണ്ടിരിക്കുന്നു.

ആയിരത്തിതൊള്ളായിരങ്ങളിൽ വെയിൽസിലുണ്ടായ ഉണർവ്വിൽ ലോകവ്യാപകമായി ആളുകൾ കത്തി ജ്വലിച്ചു. അനേകർ മാസങ്ങൾ ദൈവത്തോട് പ്രാർത്ഥിച്ചതിന്റെ ഫലമായിരുന്നു അത്. ഫ്രാങ്ക് ബാർട്ട്മീൽമാൻ എന്ന ദൈവഭക്തൻ ലോസ് ആഞ്ചലോസിന്റെ ഉണർവിനായി പ്രാർത്ഥിച്ചു, അദ്ദേഹം ഇങ്ങനെ എഴുതി, ഒരു വലിയ ഉണർവിനായുള്ള ആത്മഭാരവും കരച്ചിലും എന്നിൽ വന്നു. വെയിസിലെ ഉണർവ് എന്ന ഒരു ചെറിയ പുസ്തകം എനിക്കു കിട്ടി. ആത്മാവ് ആ ചെറു പുസ്തകത്തിലൂടെ എന്നെ ആത്മീയ അഗ്നിയിലേക്ക് നടത്തി. ആത്മാവിന്റെ ഉണർവ്വ് എന്നെ കത്തിച്ചു. പ്രാർത്ഥനായോഗങ്ങളെക്കുറിച്ചു അദ്ദേഹം തുടർന്നു, ദൈവത്തിനായി കൂടുതലായി ദാഹിച്ചു, കൂടുതലായി ആളുകളെ പ്രാർത്ഥനയ്ക്കായി ഒരുക്കി, ആളുകളെ കൂടുതലായി വിശ്വസിപ്പാനും ആശ്രയിപ്പാനും ഒരുക്കി.

ഈ കാലങ്ങളിലും ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആളുകളെ ഉണർവ്വിനായി പ്രാർത്ഥിപ്പാനായി ഒരുക്കുന്നു. പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെ പിൻപറ്റാം. വേഗം വരുന്ന കർത്താവോടു വിശ്വാസത്തോടെ പ്രാർത്ഥിക്കാം. ഈ അന്ത്യകാലത്ത് ദൈവത്തിന്റെ വലിയ പ്രവൃത്തിക്കായി, വിശ്വസിപ്പാനും, പ്രാർത്ഥിപ്പാനും വേല ചെയ്യുവാനും തമ്മിൽ തമ്മിൽ പ്രബോധിപ്പിക്കാം.

കഴിഞ്ഞ ഏതു കാലങ്ങളെക്കാളുപരി തടസ്സങ്ങളും, പ്രയാസങ്ങളും പ്രതിസന്ധികളും വരുമ്പോൾ ദൃഢനിശ്ചയത്തോടെ ദൈവത്തിന്റെ വലിയ പ്രവൃത്തിയ്ക്കായി പ്രാർത്ഥിക്കാം.

യേശു നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവുരുത്തുന്നവനുമത്രേ. യേശുവിനെ നോക്കാം. അനേകർ കഴിഞ്ഞ കാലങ്ങളിൽ പ്രാർത്ഥിച്ചു. എന്തുകൊണ്ട് ഇന്ന് നമുക്ക് പ്രാർത്ഥിച്ചുകൂടാ? ദൈവം വിശ്വസ്തൻ. തന്റെ വാഗ്ദത്തങ്ങൾ നിശ്ചയമുള്ളവ. നാം വിശ്വസിക്കമാത്രം ചെയ്യുക. സാഹചര്യങ്ങൾ പ്രയാസമേറിയതാണ്. ദൈവവചനത്തിന്റെ വാഗ്ദത്തങ്ങൾ സ്ഥിരമായിട്ടുണ്ട്. "നിന്റെ ഓടാമ്പൽ ഇരുമ്പും താമ്രവും ആയിരിക്കട്ടെ; നിന്റെ ബലം ജീവപര്യന്തം നില്ക്കട്ടെ" (ആവ. 33:25).

ഒരു ഉണർവ്വിന് എന്താണ് യഥാർത്ഥമായി ആവശ്യമായിരിക്കുന്നത്. 120 പേർ വിശ്വസിച്ചു അവയുടെ മേൽ പരിശുദ്ധാത്മാവു വന്നു, മൂന്നു ശക്തരായ ആളുകൾ (2ശാമു. 23:16). സൈന്യത്തി

(ശേഷം 8-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

അനുതപിച്ച് ദൈവത്തെ അന്വേഷിക്ക

By W.C.Moore

മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ (മത്താ. 6:33). യഹോവ വന്നു നിങ്ങളുടെ മേൽ നീതി വർഷിപ്പിക്കേണ്ടതിന് അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലോ (ഹോശ. 10:12).

യേശു പറഞ്ഞത് "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും" (യോഹ. 14:23). ദൈവ വചനത്തിന് കുറുക്കുവഴികളില്ല - ദൈവത്തന്റെ വചനം പ്രമാണിക്കാതെ ദൈവത്തെ സ്നേഹിപ്പാൻ സാദ്ധ്യമല്ല 1കൊരി. 16:22-ൽ വായിക്കുന്നത്, " കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ടവൻ".

ദൈവത്തിന്റെ ന്യായവിധി ദിനത്തിൽ അത്ഭുതത്തോടെ പറയും. കർത്താവേ, കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിച്ചില്ലയോ? എന്നാൽ കർത്താവ് അവരോട് പറയും "ഞാൻ നിങ്ങളെ അറിയുന്നില്ല" (മത്താ. 7:21-23). "ഇടക്കുവാതിലിലൂടെ കടപ്പാൻ പോരാടുവിൻ; പലരും കടപ്പാൻ നോക്കും; കഴികയില്ലതാനും".

"വഞ്ചനപ്പെടൈതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും" (ഗാ. 6:7). ധനവാനായ ഒരു മനുഷ്യൻ പറയുന്നത്: തിന്നുക, കുടിക്ക, ആനന്ദിക്ക നാളെ ചാകുമല്ലോ നരകത്തിലേയ്ക്ക് നോക്കിയിരിക്കുന്ന ധനവാനെപ്പോലെ ആകരുത്. " ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്വിൻ" (1കൊരി. 10:31).

" അങ്ങനെതന്നേ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതു ഒക്കെയും വിട്ടു പിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" (ലൂക്കൊ. 14:33). " നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമർ. 12:1). "മനുഷ്യാ നല്ലതു എന്തെന്ന് അവൻ നിനക്കു കാണിച്ചുതന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു അവൻ നിന്നോടു ചോദിക്കുന്നത്? "(മീഖാ 6:3) " വഞ്ചിക്കപ്പെടാതിരിപ്പിൻ: ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, അത്യാഗ്രഹികൾ ആരും ദൈവരാജ്യം അവകാശമാക്കുകയില്ല" (1കൊരി. 6:9,10). ഞാനോ നിങ്ങളോട് പറയുന്നത് "സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി. എന്നാൽ വലങ്കണ്ണു നിനക്കു ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂന്നെടുത്ത് എറിഞ്ഞുകളക; നിന്റെ ശരീരം മുഴുനും നരകത്തിൽ വീഴുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നിനക്ക് പ്രയോജനമത്രെ" (മത്താ. 5:28,29).

നമ്മുടെ കൂട്ടുകാരിൽ ചിലർ നമുക്കു നഷ്ടപ്പെടുമോ? സാരമില്ല, അവർ പോകട്ടെ, യേശുവിനെ ജീവിതത്തിൽ നിലനിർത്തൂ. ആ വലങ്കൈയെ വെട്ടി എറിഞ്ഞുകളക. " ഒരു മനുഷ്യൻ സർവ്വ ലോകവും നേടുകയും തന്റെ ജീവനെ കളകയും ചെയ്താൽ അവന് എന്ത് പ്രയോജനം"? നമുക്കു പ്രിയപ്പെട്ടവരായ ആരെയും നമുക്കും ദൈവത്തിനും മദ്ധ്യത്തിൽ വരുവാൻ അനുവദിക്കരുത്. " എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല" (മത്താ. 10:3).

നിങ്ങൾക്ക് എങ്ങനെ സുരക്ഷിതരായിരിക്കാം എന്ന് ചിന്തിക്കരുത്; ഒരു നല്ല വഴി എങ്ങനെ കിട്ടും എന്ന് നിങ്ങളെക്കുറിച്ച് ചിന്തിക്കരുത് എന്നാൽ നിങ്ങൾ നിങ്ങളെ തൃജിക്കണം. കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കാം എന്ന് ചിന്തിക്കണം. മറ്റുള്ളവരെ എങ്ങനെ ക്രിസ്തുവിങ്കലേക്ക് കൊണ്ടുവരുവാൻ കഴിയും എന്ന് ചിന്തിക്കണം. അവന്റെ പ്രത്യക്ഷതയിൽ എങ്ങനെ ഒരുങ്ങിയിരിപ്പാൻ കഴിയും എന്ന് ചിന്തിക്കണം! സന്തോഷത്തോടെ യേശുവിനെ പിൻപറ്റേണ്ടതിന് നിങ്ങളുടെ ക്രൂശ് എടുക്കേണം (മത്താ. 16:24). ഒരുക്കമുള്ളവരായിരിക്കം. "അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ" (മത്താ. 24:44). " ഞാൻ നിങ്ങളോട് പറയുന്നതോ എല്ലാവരോടും പറയുന്നു. ഉണർന്നിരിപ്പിൻ" (മർക്കൊ. 13:37). " നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവന ചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" (ലൂക്കൊ. 21:34). നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ: കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു" (യാക്കോ. 5:8).

" ഒരുങ്ങിയിട്ടില്ലാത്ത ചില ഉന്നത ക്രിസ്ത്യാനികൾ നിത്യതയിൽ ഉയിർക്കും എന്നത് ഒരു ഭയാനക സംഭവമാണ്! ദൈവം അവരെ സഹായിക്കുമായിരുന്നു. അതുകൊണ്ട് സഹോദരന്മാരേ നിങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ" (2 പത്രൊ. 1:10). വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ച് തന്റെ മഹിമാ സന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ളവന്, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏക ദൈവത്തിനു തന്നേ, സർവ്വകാലത്തിനും മുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ" (യൂദ. 24,25).

മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ വൃഥാവായിട്ടല്ല കർത്താവ് ഈ വചനങ്ങളെ ഉദ്ധരിച്ചിരിക്കുന്നത്. നമ്മുടെ ചുമതലകളിലും, നമ്മുടെ സ്നേഹത്തിലും, നമ്മുടെ ധ്യാനങ്ങളിലും എല്ലാം ദൈവത്തിന്റെ ഇഷ്ടമാണ്. നാം അന്വേഷിക്കേണ്ടത്. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ (കൊലൊയ 3:2). "എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെതന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ" (യാക്കോ. 1:22). " അവർ നിന്റെ വചനങ്ങളെ കേൾക്കുന്നു ചെയ്യുന്നില്ലതാനും" (യെഹ. 33:32).

നമ്മെത്തന്നെ വിധിപ്പിൻ

" നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല" (1കൊരി. 11:31). ഇന്നത്തെ പ്രശ്നം എന്നത്,

(ശേഷം 8-ാം പേജിൽ)

വിശ്വാസത്തിന്റെ സഹിഷ്ണത

By Judd Montgomery

“ ദൈവേഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണത നിങ്ങൾക്ക് ആവശ്യം” (എബ്രാ. 10 ;36).

“ അങ്ങനെ അവർ ദീഘ ക്ഷമയോടിരുന്നു വാഗ്ദ ത്തം പ്രാപിച്ചു ” (എബ്രാ. 6:15).

ദൈവത്തിന്റെ വാഗ്ദത്ത ങ്ങളുടെ നിറവേറലിനായി കാത്തിരിക്കുന്നവർക്കുവേ ണ്ടി വേദപുസ്തകത്തിൽ ഒരു പ്രത്യേക വാഗ്ദത്തം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ലോകത്തെ ജയിക്കുന്ന വിശ്വാസം എത്രമാത്രം നമു ക്ക് ആവശ്യമായിരിക്കുന്നു എന്ന് നാം അറിയുന്നു.

പലപ്പോഴും നാം പ്രാർ ത്ഥിക്കുന്നു, വലിയ വിശ്വാ സത്തോടെ പ്രാർത്ഥിക്കുന്നു, നമ്മിൽ സഹിഷ്ണതയുണ്ടാ ക്കുന്ന വിശ്വാസമുണ്ടാകു വാൻ ദൈവം ശ്രമിക്കുന്നു, പിന്നെ പിറുപിറുപ്പ്, വിശ്വാ സം ഉലഞ്ഞു പോകയും ചെയ്യുന്നു.

വിശ്വാസത്താലും സഹി ഷ്ണതയാലും പഴയനിയമ വിശുദ്ധന്മാർ വാഗ്ദത്തം പ്രാപിച്ചു, അവരുടെ അനു കാരികളായിത്തീരുവാൻ (എബ്രാ. 6:12) ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു. വേദപുസ്തകം പറയുന്ന അബ്രഹാമിന്റെ ശ്രേഷ്ഠ മായ വിശ്വാസം, സംശയി ക്കുന്ന ഹൃദയങ്ങൾക്ക് ഒരു അത്ഭുതമാണ്, അബ്രഹാ മിന്റെ അത്ഭുതകരമായ ആ വിശ്വാസത്തെക്കുറിച്ച് ചിന്തി ച്ചിട്ടുണ്ടോ? അബ്രഹാം ദീർഘക്ഷമയോടെ സഹിച്ച പ്പോൾ വാഗ്ദത്തത്തിന്റെ പൂർത്തി പ്രാപിച്ചു.

ദൈവത്തിന്റെ ഹൃദയപ്ര കാരമുള്ള മനുഷ്യനായ ദാവീദ് ദൈവത്തിന്റെ പരിശു ദ്ധാത്മാവിനാൽ ഈ സഹി ഷ്ണതയെ പഠിച്ചു. രക്ഷ യുടെ പാറയിൽ ആശ്രയിച്ചു കൊണ്ട് വീണ്ടും വീണ്ടും താൻ പറയുന്നത് “എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു, എന്റെ രക്ഷ അവങ്കൽ നിന്നും വരു ന്നു....” “എന്റെ ഉള്ളമേ ദൈവത്തെ നോക്കി മൗനമായി രിക്ക, എന്റെ പ്രത്യാശ അവ ങ്കൽ നിന്നു വരുന്നു ” (സങ്കീ. 62:1,5).

“ നമ്മുടെ ഉള്ളം യഹോവ യ്ക്കായി കാത്തിരിക്കുന്നു; അവൻ നമ്മുടെ സഹായവും പരിചയും ആകുന്നു ” (സങ്കീ. 33:20).

“ ഞാൻ യഹോവയ്ക്കാ യി കാത്തിരിക്കുന്നു; അവന്റെ വചനത്തിൽ ഞാൻ പ്രത്യാശ വച്ചിരിക്കുന്നു; ഉഷസിനായി കാത്തിരിക്കുന്നവരെക്കാൾ എന്റെ ഉള്ളം യഹോവ യ്ക്കായി കാത്തിരിക്കുന്നു ” (സങ്കീ. 130:5,6).

“ ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്ന് വിശ്വസിച്ചില്ലെ ങ്കിൽ കഷ്ടം! യഹോവയിൽ പ്രത്യാശവയ്ക്കുക; നിന്റെ ഹൃദയം ഉരച്ചിരിക്കട്ടെ; അതെ, യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക” (സങ്കീ. 27:13,14).

“ ഞാൻ യഹോവയ്ക്കാ യി കാത്തിരുന്നു; അവൻ എങ്ക ലേയ്ക്കു ചാഞ്ഞു എന്റെ നില വിളി കേട്ടു ” (സങ്കീ. 40:1).

ക്ഷീണിച്ച മനസ്സുമായി പ്രാർത്ഥിക്കുന്ന ചിലരുണ്ട്. അവരുടെ പ്രാർത്ഥന ദൈവസ ന്നിധിയിലെത്താതെ തിരിച്ചുവ രുന്നതായി തോന്നുന്നു; ഹൃദ യത്തിന് രോഗം ബാധിച്ചതു പോലെ പ്രത്യാശ നഷ്ടപ്പെട്ട യിസ്രായേൽ രാജാവ് പറഞ്ഞ തുപോലെ പറയാൻ തയ്യാറാ കുന്നു ഞാൻ ഇനി ദൈവ ത്തിനായി കാത്തിരിക്കുന്ന തെന്തിന് ? 2രാജാ. 6:33).

നിങ്ങൾ അതിൽ നിന്നും വ്യത്യസ്തരാണോ? എങ്കിൽ നിങ്ങളുടെ ഭാരപ്പെ ടുത്തുന്ന പ്രശ്നങ്ങളുമായി യേശുവിന്റെ അടുക്കൽ ചെല്ലുക; വിശ്വാസത്തിന്റെ മധുരിക്കുന്ന സഹിഷ്ണത യുള്ളവരായിരിക്ക; ദൈവ ത്തിന്റെ കൃപാസനത്തിൻ മുമ്പാകെ ശാന്തമായിരിക്കു ക. വിശ്വാസത്തിന്റെ പരി ശ്രമങ്ങൾ സഹിഷ്ണത യിൽ പ്രവർത്തിക്കുന്നു. അങ്ങനെ നാം കാത്തിരി ക്കുന്ന ആ അവസരങ്ങൾ പിതാവിന്റെ മഹത്വത്തിനാ യുള്ള വിലയേറിയ ഫല ങ്ങൾ ഉളവാക്കുന്നു.

ശാരീരികമായ രോഗ ത്തിലും ക്ഷീണത്തിലും ആയിരിക്കുന്നവർ നോക്കി പാർക്കുന്നത് ജീവനുള്ളവ രുടെ ദേശുത്തുള്ള ദൈവ ത്തിന്റെ നന്മയത്രേ. പരിശു ദ്ധാത്മാവ് സമാധാനവും ശക്തിയും നൽകി പറയു ന്നത് കർത്താവിനായി കാത്തിരിക്കുന്നവർ തങ്ങ ളുടെ ശക്തിയെ പുതുക്കും. അവർ പഴയ ശക്തി തിരി കെ പ്രാപിക്കും എന്ന് മാത്ര മല്ല, ദൈവത്തിന്റെ പരിശു ദ്ധാത്മാവിനാൽ അവരുടെ മർത്യശരീരങ്ങൾ പുതു ശക്തി പ്രാപിക്കയും ആ ജീവന്റെ നിറവിനാൽ കഴു കന്മാരെപ്പോലെ ചിറകടിച്ച് ഉയരുകയും അതു അവരെ തളർന്നു പോകാതെ ഓടു വാനും ക്ഷീണിച്ചു പോകാ തെ നടക്കുവാനും പ്രാപ്ത രാക്കുന്നു ” (യെശ. 40:31). മാത്രമല്ല, ദൈവം വെളിപ്പെടു ത്തപ്പെട്ട ദൈവിക വാഗ്ദ ത്തിനു വേണ്ടിയുള്ള ഈ കാത്തിരിപ്പ് അനുഗ്രഹകരമാ യിതീർന്നിട്ട് നാം പ്രഖ്യാപി ക്കുന്നത് ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട വേ ലയുടെ നിവർത്തിയത്രേ യിത്.

വിശ്വാസത്തിന്റെ സഹി ഷ്ണതയ്ക്കു വേണ്ടി നാം പ്രബോധിപ്പിക്കപ്പെടുമ്പോൾ, അവിശ്വാസത്താലുളവാ കുന്ന മ്ലാനതയ്ക്കെതിരെ കൂടെ നമ്മെ പ്രബോധിപ്പി ക്കുകയാണ്. അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാ കാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദ ത്തങ്ങളെ അവകാശമാക്കു ന്നവരുടെ അനുകാരികളായി ത്തീരും ” (എബ്രാ. 6:12).

പഴയനിയമത്തിലെ വീര യോദ്ധാക്കന്മാരിൽ ഒരാൾ പറഞ്ഞതു പോലെ, വിശ്വാസ ത്തിന്റെ നല്ലപോരാട്ടത്തിൽ നാമും പറയും, ഞങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ സഹായിക്കണമേ; നിന്നിൽ ഞങ്ങൾ ആശ്രയി ക്കുന്നു; നിന്റെ നാമത്തിൽ ഞങ്ങൾ ഈ പുരുഷാര ത്തിനു നേരേ പുറപ്പെട്ടു വന്നിരിക്കുന്നു; “ യഹോവേ നീ ഞങ്ങളുടെ ദൈവം ” (2ദിന. 14:11).

തീയിലൂടെ മഹത്വപ്പെടുന്ന ദൈവം

By George White Field

സഹോദരന്മാരേ, തീ ദഹിപ്പിക്കമാത്രമല്ല ശുദ്ധീക രിക്കയും ചെയ്യുന്നു, എ ന്നാൽ നാം അറിയുന്നതു പോലെ ഒന്നിനെ ഒന്നിൽ നിന്നും വേർതിരിച്ചെടു ക്കുയും ചെയ്യുന്നു. ദൈവ ത്തിന്റെ സ്നേഹത്തിന്റെ ആയിരം പ്രദർശനത്താലെന്ന

(t i j w 6þmwt] PnÂ)

വിശ്വാസവും അതിന്റെ സഹിഷ്ണതയുടെ ശക്തിയും

By Andrew Murray

സ്ത്രീകൾക്ക് തങ്ങളുടെ മരിച്ചവരെ ഉയിർത്തെഴുന്നേല്പിനാൽ തിരികെ കിട്ടി. മറ്റു ചിലർ ഏറ്റവും നല്ല ഒരു ഉയിർത്തെഴുന്നേല്പ് ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു. വേറം ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ്, ഇവയാലുള്ള പരീക്ഷ അനുഭവിച്ചു. കല്ലേറ് ഏറ്റു. ഈർച്ച വാളാൽ അറുക്കപ്പെട്ടു. പരീക്ഷിക്കപ്പെട്ടു, വാളാൽ കൊല്ലപ്പെട്ടു, ജടയാടുകളുടെയും കോലാടുകളുടെയും തോൽ ധരിച്ചു, ബുദ്ധിമുട്ടും ഉപദ്രവവും കഷ്ടവും സഹിച്ചു, കാടുകളിലും മലകളിലും ഗുഹകളിലും പാറയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു; ലോകം അവർക്കു യോഗ്യമായിരുന്നില്ല” (എബ്രാ. 11:3538).

വിശ്വാസത്തിന് രണ്ടു വിധത്തിലുള്ള വിജയമുണ്ട്. ഒന്നാമതായി, ശത്രുവിനെ അല്ലെങ്കിൽ പ്രതിസന്ധികളെ സഹിക്കുന്നു, മനുഷ്യനോ പിശാചിനോ ചെയ്യാൻ കഴിയുന്നതിനേക്കാൾ വലുതാണ് പരിശുദ്ധാത്മാവിന്റെ പ്രവൃത്തി എന്ന് തെളിയിക്കുന്നു. വിശ്വാസത്തിന്റെ വിജയങ്ങൾ പലപ്പോഴും പിശാചിന്റെ പ്രവൃത്തികൾക്കു മുന്നിൽ വിടുതലില്ലാത്തതു പോലെ തോന്നും. പിന്നത്തേതിൽ പരീക്ഷ നേരിട്ട വിശ്വാസവീരന്മാരുടെ ജീവിതത്തെയും വാക്കുകളേയും പരിശോധിച്ചാൽ അവരുടെ കഷ്ടതമാറിപ്പോയില്ല. പക്ഷേ പിശാച് അവരെ ഭയപ്പെടുത്തി വേദനിപ്പിച്ചതിനേക്കാൾ എത്രയോ മടങ്ങ് അവർ അനുഗ്രഹിക്കപ്പെട്ടു എന്ന് കാണാൻ സാധിക്കും. അവർ വിടുതൽ ഏല്ക്കാതെ ഭേദ്യം ഏറ്റു, വിശ്വാസത്തിന്റെ വിലയായി തങ്ങളെത്തന്നെ അർപ്പിച്ചു. അവർക്ക് ഏറ്റവും ശ്രേഷ്ടമായ ഒരു ഉയിർപ്പ് കരുതിയിരുന്നു. വെളിപ്പെടുവാനുള്ള മഹത്വവുമായി അവർ താരതമ്യം ചെയ്തപ്പോൾ ആത്മികവും നിത്യവുമായ വിശ്വാസത്തിന്റെ യാഥാർത്ഥ്യങ്ങൾ നോക്കുമ്പോൾ ഈ ലോകത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നും അത് വ്യക്തവും അത് സമീപവുമാണെന്ന് അവർക്ക് വെളിപ്പെട്ടു. വിശ്വാസത്തിന്റെ വിജയം എന്നത് എത്രത്തോളം താല്ക്കാലിക പരാജയങ്ങളെ സഹിക്കുമോ അത്രത്തോളം ഭദ്രമാണ് അത് എന്ന് മനസിലാക്കി. ശത്രുവിനെ പരാജയപ്പെടുത്തി ഉണ്ടാക്കിയ നേട്ടങ്ങൾ പലപ്പോഴും അത് വലുതാണ്.

ഈ വീരന്മാരായ സ്ത്രീകളും പരുഷന്മാരും, രക്ത സാക്ഷികളുടെ നിരയിലെ നേതാക്കന്മാരാണ് ലോകത്തിൽ വെറുക്കപ്പെട്ട്, തൃജിക്കപ്പെട്ടു, ദൈവം മഹത്വപ്പെടുന്ന വിശ്വാസത്തിന്റെ സ്വർഗ്ഗീയ സൗന്ദര്യം ദൈവം അവരിൽ കണ്ടു, ദൈവത്തിന്റെ മനസ്, ദൈവത്തിന്റെ നീതിയെ തൃപ്തിപ്പെടുത്തുന്ന ലോകത്തിലെ എല്ലാ സന്തോഷങ്ങളെക്കാളും വലിയ സന്തോഷം, അവർ തങ്ങളെത്തന്നെ അർപ്പിച്ച് നിത്യ സുരക്ഷിതത്വം കണ്ടെത്തി. ലോകത്തിലെ സകല സന്തോഷത്തേക്കാളും അത് വലുത് എന്ന് എണ്ണി, സ്വർഗ്ഗീയ പ്രതിഫലത്തെ നോട്ടം വച്ച് വിശ്വാസത്തിൽ സന്തോഷത്തോടെ ഉറച്ചു നിന്നു. വിശ്വാസത്തിനുവേണ്ടി കഷ്ടം സഹിക്കുന്നത് ഏറ്റവും ശ്രേഷ്ഠവും ബുദ്ധിപരവുമായ അനുഭവമാണ് എന്ന് അവർ കരുതി. കഷ്ടതയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ വിശ്വാസത്തിന് നേടുവാൻ കഴിയുന്ന ശ്രേഷ്ഠമേറിയ പ്രതിഫലങ്ങളാണ്. കഷ്ടതയുടെ കാഠിന്യതകളിൽ വിജയം വരിച്ച ഈ ദൈവഭക്തന്മാരെ ചൂണ്ടിക്കാട്ടി നമ്മുടെ ചെറിയ കഷ്ടതകളിൽ എങ്ങനെ നിലനില്ക്കാം എന്ന് ദൈവം ഇവിടെ കാണിക്കുകയാണ് ചെയ്യുന്നത്. അസാധാരണമായ അവരുടെ കഷ്ടതളിൽ വരിച്ച വിജയത്തിന്റെ അനുഭവങ്ങൾ നമ്മുടെ ചെറിയ കഷ്ടതകളെ നിഷ്പ്രയാസം തരണം ചെയ്യുവാൻ നമ്മെ സഹായിക്കുന്നു. അനുദിന ജീവിതത്തിൽ അവർ സഹിച്ച കഷ്ടതകൾ, അവരുടെ പാദാരവൃന്ദങ്ങളെ പിന്തുടരുവാനും നമ്മെ സഹായിക്കുന്നു. വിശ്വാസത്താൽ മാത്രമേ ചെറുതോ വലുതോ ആയ കഷ്ടതകൾ സഹിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും നിത്യതയെ അവകാശമാക്കുവാനും കഴിയൂ.

അതേ വിശ്വാസത്താൽ മാത്രം. വിശ്വാസം ദൈവത്തിന്റെ വെളിച്ചത്തെയും നിത്യതയേയും കാണുന്നു. അതിന്റെ ചെറിയ വേദന വലിയ നേട്ടമുളവാക്കുന്നു. വിശ്വാസത്തിന്റെ ബലഹീനത നമ്മുടെ മനസിനെ വേദനിപ്പിക്കുന്നു. അതിന്റെ ശക്തി നമ്മെ ശുദ്ധീകരിക്കയും അനുഗ്രഹിക്കുകയും ചെയ്യുന്നു. കഷ്ടതയെ അനുവദിച്ച ദൈവം, തീയിലൂടെ നാം പൂർണ്ണതയും ശോഭയും പ്രാപിക്കുന്നതിനെ നോക്കിക്കാണുന്നു എന്നിട്ട് നമ്മെ ആശ്വസിപ്പിക്കുന്നു. ദൈവപുത്രന്റെ സ്വഭാവത്തോടു നമ്മെ അനുരൂപപ്പെടുത്തിയെടുക്കുവാൻ, ലോകത്തിൽ ആർക്കും തരുവാൻ കഴിയാത്ത ദൈവത്തിന്റെ മഹത്വത്തിലേക്ക് നമ്മെ ഒരുക്കിയെടുക്കുന്നു. തന്റെ വിശുദ്ധിയിൽ പങ്കാളിയാക്കുന്നു. കുഞ്ഞാടിന്റെ താഴ്മയും സൗമ്യതയും നമ്മിൽ തന്ന്, പുത്രനെപ്പോലെ കഷ്ടതയിൽ നമ്മെ പൂർണ്ണരാക്കി പരിശുദ്ധാത്മാവിനെ തന്നു, നമ്മെ ഒരുക്കി തന്റെ ഭണ്ഡാരത്തിന് ഓഹരിക്കാരനാക്കുന്നു. വിശ്വാസത്താൽ, വിശ്വാസത്താൽ മാത്രം, കഷ്ടതകളുടെ ആഴങ്ങളെ പരാജയപ്പെടുത്തുന്നു.

ദൈവത്തെ നീ മഹത്വപ്പെടുത്തുമോ, പാപത്തേയും ലോകത്തേയും കീഴടക്കുമോ, വിശുദ്ധനായും യോഗ്യനായും ഇരിക്കുമോ? സ്വർഗ്ഗത്തിനും നിത്യതയ്ക്കും ഓഹരിക്കാരനായിരിക്കുമോ എങ്കിൽ വിശ്വാസത്തിൽ ജീവിക്കുക ഓരോ പരിശോധനയേയും ദൈവത്തിലുള്ള വിശ്വാസത്തിന്റെ ആത്മാവിനാൽ നേരിടുക. ഓരോ പരിശോധനയും ദൈവമുഖം കാണുവാനുള്ള വഴിയായിരിക്കും. അത് ദൈവത്തിന്റെ അനുഗ്രഹിക്കപ്പെട്ട സാന്നിദ്ധ്യത്തോട് നമ്മെ അടുപ്പിക്കും.

(5-ാം പേജിന്റെ തുടർച്ച)

തീയിലൂടെ മഹത്വപ്പെടുന്ന ദൈവം

തിനെക്കാളും ഒരു നേരത്തെ ഒരു നല്ല ശോധനയിലൂടെ അവിടുന്ന് നമ്മെ ശുദ്ധീകരിച്ച് വേർതിരിക്കുന്നു. ശുദ്ധീകരിക്കുക എന്നത് ഒരു നല്ല കാര്യമാണ്. തീയിൽ നിന്നും നമ്മെ പുറത്തുകൊണ്ടുവരുന്നു. നമ്മെ ശുദ്ധീകരിക്കുന്നു, കീടത്തെ നീക്കി വിലയേറിയതിനെ പുറത്തുകൊണ്ട് വരുന്നു, പതിരിൽ നിന്നും കോതമ്പിനെ വേർതിരിക്കുന്നു. ഒന്നിനു പുറകേ ഒന്നായി തീയിൽ കൂടെ കടത്തിവിട്ട് നമ്മെ വിലയേറിയവരാക്കിപണിതെടുക്കുന്നു.

(1-ാം പേജിന്റെ തുടർച്ച)

ssZhw FÃmän\pw aosX

ദൈവമേ, നിന്റെ ശക്തിയിൽ ഉയർന്നിരിക്കേണമേ. അപ്പോൾ നമ്മുടെ ആയിരക്കണക്കിനു പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നു. ക്രിസ്തീയ ജീവിതം മനുഷ്യജീവിതത്തിലെ അനവധിയായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നു. അവന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന ദൈവത്താൽ അവന്റെ ജീവിതം അനുഗ്രഹപൂർണ്ണമാവുന്നു. പരിശോധനയുടെ കൊടുങ്കാറ്റുകളിൽ ആശ്വാസം നൽകുന്നു.

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ലോകത്തിലെ ബന്ധങ്ങൾ വിട്ടുകളഞ്ഞതിനാൽ ലോകത്തിൽ നാം മോശക്കാരായിത്തീർന്നു പോകും എന്ന് ഒരിക്കലും ചിന്തിക്കരുത്. കേവലം ഒരു മനുഷ്യൻ എന്ന നിലയിൽ ഒരു പടി തന്നെത്താൻ താഴ്ത്തുന്നില്ല. സൃഷ്ടിച്ചവൻ തന്റെ സാദൃശ്യപ്രകാരം സൃഷ്ടിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കി നാം ദൈവത്തിന് ശരിയായ ബഹുമാനം കൊടുക്കാൻ തന്നെത്താൻ സമർപ്പിക്കയാണ് ചെയ്യുന്നത്. ദൈവത്തിന് മഹത്വം കൊടുക്കുവാൻ ബദ്ധപ്പെടുകയാണ്. ഇവിടെ ചെയ്യുന്നത്. ജീവിതത്തിന്റെ നഷ്ടപ്പെട്ട സിംഹാസനത്തെ പുതുക്കി സ്ഥാപിച്ച് അതിൽ ദൈവത്തെ ക്ഷണിച്ച് ദൈവവുമായി സമാധാനം ആചരിപ്പാനായി ഇവിടെ ഉത്സാഹിക്കുകയാണ് ചെയ്യുന്നത്. തനിക്ക് ലഭിക്കുന്ന എല്ലാ നന്മയും മഹത്വവും ദൈവത്തെ ഉയർത്തുവാൻ ഉപയോഗിക്കയത്രേ ചെയ്യുന്നത്.

ദൈവത്തെ വിട്ട് മറ്റൊരാളിനെ ഉയർത്തുവാൻ താല്പര്യപ്പെടുന്ന ഒരാൾ യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കേണ്ടതാണ്. “ ... പാപം ചെയ്യുന്നവൻ പാപത്തിന്റെ ദാസൻ ആകുന്നു” (യോഹ. 8:34). നാം ദൈവത്തിനോ, പാപത്തിനോ ഏതെങ്കിലും ഒന്നിന് അടിമകളായിരുന്നേ മതിയാകൂ. പാപിതന്റെ സ്വാതന്ത്ര്യത്തിൽ അഹങ്കരിക്കുന്നു തന്റെ അവയവങ്ങളെ ഭരിക്കുന്ന പാപത്തിന് താൻ അടിമയാണ്. ക്രിസ്തുവിന് തന്നെത്താൻ സമർപ്പിക്കന്ന ഒരുവൻ തന്നെ അടിമപ്പെടുത്തുന്ന ഘോരമായ പാപത്തെ വിട്ട് നല്ല യജമാനനായവന്റെ മൃദുവായ നുകവും ലഘുവായ ചുമടും ഏറ്റെടുക്കുകയാണ്. അഥവാ തന്റെ പാപത്തിന്റെ ഘോരമായ ചുമടിനെ നല്ല യജമാനന്റെ മൃദുവായ നുകവും ലഘുവായ ചുമടുമായി വെച്ചുമാറുന്നു.

ദൈവത്തിന്റെ പ്രതിമപ്രകാരം നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന നിലയിൽ നാം ലോകത്തെയും അതിന്റെ മഹത്വത്തെയും വിട്ടുകളഞ്ഞു. ദൈവത്തെ എല്ലാറ്റിനും എല്ലാമായി ഏറ്റുകൊള്ളുകയാണ് ചെയ്യുന്നത്. അതിപുരാതനവും മനോഹരവുമായ ഒരു വാസസ്ഥലം നിത്യമായി നമുക്ക് സ്വന്തമാവുകയും ചെയ്യുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളതെല്ലാറ്റിനും ഉടയവൻ ദൈവമത്രേ. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്രവൃത്തി തികയ്ക്കുമ്പോൾ അവ നമ്മുടെ സ്വന്തമാവുകയാണ് ചെയ്യുന്നത്. നമ്മുടെ തീരുമാനവും സമർപ്പണവുമല്ലാതെ മറ്റൊന്നിനും നമ്മെ ഉദ്ധരിക്കാൻ സാദ്ധ്യമല്ല. ദൈവം എല്ലാറ്റിനും മീതെ ഉയർന്നിരിക്കുന്നു.

ദൈവത്തെ ബഹുമാനിക്കുന്നു.

“.....എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും. എന്ന് ദൈവം ഒരിക്കൽ യിസ്രായേലിലെ ഒരു പുരോഹിതനോട് പറഞ്ഞു, ദൈവരാജ്യത്തിന്റെ പുരാതനമായ ആ നിയമം, കാലത്തിനോ, യുഗപരമായ മാറ്റങ്ങൾക്കോ വ്യത്യാസപ്പെടുത്തുവാൻ കഴിയാത്തതായി ആധികാരികമായി ഇന്നും നിലനിൽക്കുന്നു. ദൈവത്തിന്റെ മാറ്റമില്ലാത്ത വചനവും ചരിത്രത്തിന്റെ താളുകളും ഒരുപോലെ ആ ശാശ്വത നിയമത്തെ പ്രഖ്യാപിക്കുന്നു. “എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും” (യോഹ. 12:26). എന്ന് വാഴ്ത്തപ്പെട്ട യേശു പറഞ്ഞു. പഴയതിനെ പുതിയതുമായി കൂട്ടിയിണക്കി. മനുഷ്യനുമായിട്ടുള്ള തന്റെ അടിസ്ഥാനപരമായ കൂട്ടായ്മയെ വെളിപ്പെടുത്തുന്നു.

ചില സമയങ്ങളിൽ ചില കാര്യങ്ങളെ മനസ്സിലാക്കുവാൻ അതിന്റെ വിപരീതകാര്യങ്ങളെ മനസിലാക്കേണ്ടിവരും. ദൈവത്തിന്റെ ഇഷ്ടത്തിന് വേല ചെയ്യുവാൻ ദൈവം പുരോഹിതന്മാരായി ഏലിയേയും മക്കളെയും ആക്കിവച്ചു. അവർ അതിൽ പരാജയപ്പെട്ടു, ദൈവം ശമുവേലിനെ അയച്ച് അതിന്റെ പ്രത്യാഘാതങ്ങളെ അറിയിച്ചു. ശുശ്രൂഷയുടെ വിജയത്തിന്റെ രഹസ്യമായ പരസ്പര ബഹുമാനത്തിന്റെ പ്രമാണം ഏലിയ്ക്ക് അജ്ഞാതമായിരുന്നു, ഇപ്പോൾ ന്യായവിധി തന്റെ മേൽ വരികയാണുണ്ടായത്.

അടുത്ത തലമുറയിൽ പുരോഹിതന്മാരായിരിക്കേണ്ടാതായ ഒഫ്നിയും ഫിനേഹാസും യുദ്ധത്തിൽ കൊല്ലപ്പെട്ടു. ഒഫ്നിയുടെ ഭാര്യ പ്രസവത്തിൽ മരിച്ചു; യിസ്രായേൽ തന്റെ ശത്രുക്കളുടെ മുമ്പിൽ നിന്ന് ഓടിപ്പോയി; പെട്ടകം ഫെലിസ്ത്യരാൽ പിടിക്കപ്പെട്ടു; ഏലി വീണു കഴുത്തൊടിഞ്ഞ് മരിച്ചു. ദൈവത്തെ ബഹുമാനിക്കുന്നതിൽ പരാജയപ്പെട്ട ഏലിക്ക് ഇതൊക്കെയും വന്നു ഭവിച്ചു.

ഇതിന് വിപരീതമായി ചിന്തിക്കുമ്പോൾ ആരൊക്കെ ഈ ലോകയാത്രയിൽ ദൈവത്തെ ബഹുമാനിപ്പാൻ ശ്രമിച്ചിട്ടുണ്ടോ അവരൊക്കെയും അനുഗ്രഹിക്കപ്പെട്ടിട്ടുണ്ട്. പരാജയം എന്ന് കാണുന്ന സ്ഥാനത്ത് ദൈവം വളരെ പെട്ടെന്ന് തന്റെ ദാസന്മാരുടെമേൽ കൃപയും നന്മകളും പകർന്നു ബലപ്പെടുത്തുന്നു. അബ്രഹാം, യാക്കോബ്, ദാവീദ്, ദാനിയേൽ, ഏലിയാവ്, മാത്രമല്ല നിങ്ങളിൽ ഒരാളായിരുന്നാലും ദൈവത്തെ ബഹുമാനിപ്പാൻ തയ്യാറാകുമ്പോൾ പറയപ്പെടാത്ത നന്മകളാൽ ദൈവം നമ്മെ നിറയ്ക്കുന്നു. ദൈവത്തിന്റെ മനുഷ്യൻ മറ്റെല്ലാറ്റിനെക്കാളുമുപരി ദൈവത്തെ ബഹുമാനിപ്പാൻ തയ്യാറാകുമ്പോൾ ദൈവം അവന്റെ പ്രവൃത്തിയെ അംഗീകരിച്ച് അവനെ അനുഗ്രഹിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിൽ ഈ നിയമം പൂർണ്ണമായി നിറവേറുന്നതായി കാണാം. തന്റെ താഴ്ചയുള്ള ഈ ലോക ജീവിതത്തിൽ തന്നെത്താൻ താഴ്ത്തി എല്ലാ ബഹുമാനവും സ്വർഗ്ഗസ്ഥനായ തന്റെ പിതാവിന് അർപ്പിച്ചു. തന്റെ സ്വന്തം ബഹുമാനം താൻ നോക്കിയില്ല. എന്നാൽ ദൈവത്തിന് കൊടുക്കേണ്ട ബഹുമാനം ദൈവത്തിന് കൊടുത്തു. “ ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ യേശു പറഞ്ഞു എന്റെ മഹത്വമല്ല, “ എന്നെ മഹത്വപ്പെടുത്തുന്നത് എന്റെ പിതാവ് ആകുന്നു” (യോഹ. 8:54). പരീശന്മാർക്ക് ഈ പ്രമാണം യഥാർത്ഥത്തിൽ മനസിലാക്കാൻ കഴിഞ്ഞില്ല. അവർ ദൈവത്തിന്റെ പ്രമാണത്തിൽ നിന്നും വിട്ടുപോയി. തന്റെ സ്വന്തം നിലയിൽ ഒരുവന് ദൈവത്തെ മഹത്വപ്പെടുത്താൻ കഴിയും എന്നത് അവർക്ക് അജ്ഞാതമായിരുന്നു. ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കയത്രേ ചെയ്യുന്നത്; നിങ്ങളോ എന്നെ അപമാനിക്കുന്നു” (യോഹ. 8:49). നമ്മുടെ ഹൃദയത്തിൽ

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

ssZhw FÃmän\pw aosX

ആഗ്രഹങ്ങൾ ഉള്ളതുപോലെ ദൈവത്തിന്റെ ഹൃദയത്തിലും പദ്ധതികളുണ്ട്. മനുഷ്യപുത്രന്മാരെക്കുറിച്ച് അവിടുന്ന് ചിന്തിക്കുന്നു. ഒരിക്കൽ എല്ലാവർക്കും വേണ്ടി യേശു അർപ്പിക്കപ്പെട്ടു. എപ്പോഴും പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ യേശു തന്നെത്താൻ സമർപ്പിച്ചു. മറ്റെല്ലാറ്റിനെക്കാളും ദൈവത്തിന് അത് വിലപ്പെട്ടതാണ്. മനുഷ്യരുടെയിടയിൽ ദൈവത്തിന്റെ മഹത്വത്തെ വെളിപ്പെടുത്തുവാൻ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ വെളിപ്പെടുത്തുവാനും യേശു വന്നു. യേശു അവരുടെയിടയിൽ ദൈവത്തിന്റെ മഹത്വത്തോടെ നടക്കുന്നു. അവരുടെയിടയിൽ അധികാരത്തോടെ പ്രവർത്തിപ്പാൻ യേശുവിനു കഴിയും.

നമുക്ക് ഇങ്ങനെ പ്രാർത്ഥിക്കാം

ഞങ്ങളുടെ ദൈവമേ എന്റെ സകല സമ്പത്തിനെക്കാളും അവിടുന്ന് എന്റെ ജീവിതത്തിൽ ഉയർന്നിരിക്കേണമേ. അവിടുന്ന് എന്റെ ജീവിതത്തിൽ മഹത്വപ്പെടുമ്പോൾ ലോകത്തിന്റെ നിക്ഷേപങ്ങൾ ഒന്നും എനിക്ക് പ്രിയമായിത്തോന്നുവാൻ ഇടയാകരുതേ. എന്റെ സകലബന്ധങ്ങളെക്കാളും എനിക്ക് വലിയവനായിരിക്കേണമേ. ഞാൻ ഏകനും ഉപേക്ഷിക്കപ്പെട്ടവനും എന്ന് അവിടുന്ന് എല്ലാറ്റിനും മീതെ ജീവിക്കുന്നു. എന്നും ഞാൻ അറിയുന്നു. എന്റെ സകല സുഖസൗകര്യങ്ങളെക്കാളും അവിടുന്ന് ഉയർന്നിരിക്കണമേ. എന്റെ സുഖ സൗകര്യങ്ങൾ കുറയും എങ്കിലും വലിയ ക്രൂശു ചുമക്കേണ്ടിവന്നാലും ഞാൻ എന്റെ നേർച്ചകളെ അങ്ങയ്ക്ക് അർപ്പിക്കും. എന്റെ കീർത്തിയേക്കാൾ അവിടുന്ന് ഉയർന്നിരിക്കണമേ. ആരും ഓർക്കാതെവണ്ണം ഞാൻ മറക്കപ്പെട്ടാലും ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കുവാൻ എന്നെ സഹായിക്കേണമേ. എന്റെ എല്ലാ ലക്ഷ്യങ്ങളിലും എന്റെ ഇഷ്ടങ്ങളിലും അനിഷ്ടങ്ങളിലും എന്റെ കുടുംബത്തെക്കാളും, എന്റെ ആരോഗ്യത്തെക്കാളും എന്റെ മുഴു ജീവിതത്തെക്കാളും ഉപരി എന്റെ ജീവിതത്തിൽ അവിടുത്തെ മഹത്വത്തിന്റെ സിംഹാസനത്തിലേയ്ക്ക് എഴുന്നള്ളി വരണമേ. ഞാൻ കുറയട്ടേ, അവിടുന്ന് എന്നിൽ വളരട്ടെ.

താഴ്മയുള്ള ചെറിയ മൃഗമായ ഒരു കഴുതക്കുട്ടിപ്പുറത്ത് കയറി യരുശലേമിലേക്ക് യാത്ര ചെയ്ത യേശുവേ അടിയന്റെ മേൽ വാഹനമേറി സഞ്ചരിക്കണമേ. അത്യുന്നതനായവൻ ഹോശന്നാ വിളിക്കുന്ന കുഞ്ഞുങ്ങളുടെ ശബ്ദം ഞാൻ കേൾക്കട്ടെ ആമേൻ.

(2-ാം പേജിന്റെ തുടർച്ച)

]m]w A\´amb Xn·

ണ്, പരിപാലകനാണ്. ന്യായിധിപതിയാണ്. അവിടുന്ന് വിശുദ്ധിയിൽ ഭയങ്കരനാണ്. സ്തുതിക്കു യോഗ്യനാണ്. അത്ഭുതങ്ങൾ ചെയ്യുന്ന ദൈവമാണ് അവിടുന്ന് നമ്മുടെ കൂട്ടുകാരിൽ ശ്രേഷ്ഠനാണ്. എല്ലാറ്റിലും വലിയവനാണ്. ഏറ്റവും ഔദാര്യവാനാണ്. മരണത്തെ ജയിച്ച ദൈവമാണ്. സൂര്യനെയും ചന്ദ്രനെയും നിർമ്മിച്ചവനാണ്. നാം ദൈവത്തെ സ്നേഹിപ്പാനും, ഭയപ്പെടുവാനും ബഹുമാനിപ്പാനും അനുസരിപ്പാനും ബാദ്ധ്യസ്ഥരാണ്. ദൈവത്തോട് പാപം ചെയ്യുക എന്നത് നിഗളമാണ്. നന്ദിയില്ലായ്മയാണ്. ദുഷ്ടതയാണ്.

(3-ാം പേജിന്റെ തുടർച്ച)

hnizmkt¯msS DWÀÆn\mbn {]mÀ°n¡pl

ലേക്ക് കടന്നു ചെന്നു, എന്നാൽ ഇന്ന് ഫെലിസ്ത്യ സൈന്യം ഇല്ല; അന്ധകാരത്തിന്റെ ലോകാധിപതികൾ (എഫെ. 6:12) ഉണ്ട്. ജീവന്റെ ജലം, പരിശുദ്ധാത്മാവിന്റെ പകർച്ച. അത് ഇടയനായ രാജാവ് പകർന്നു തരുന്നു. ദാവീദ് ഗോലിയാത്തിനെ കൊന്നു. യിസ്രായേൽ ജയിച്ചു.

വിശ്വസിക്കുന്ന വീരന്മാരെ ആവശ്യമുണ്ട്. അവർ യോശുവയും കാലേബും ചെയ്തതുപോലെ ചെയ്യും. ഉപദേശങ്ങളെക്കുറിച്ചു വാദിക്കുവാൻ മിനക്കെടരുത്, എന്നാൽ മഴക്കായി പ്രാർത്ഥിപ്പാൻ ഒന്നിക്കാം. തമ്മിൽ സ്നേഹിക്കാം, ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ വലിയ ഉണർവ്വിനായി പ്രാർത്ഥിക്കാം; അത് നമ്മെ ഒന്നിപ്പിക്കും. ഇവർക്കു വേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന് പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരുടെ നമ്മിൽ ഒന്നാകേണ്ടതിന് തന്നെ നീ എനിക്ക് തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിയുവാൻ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനും ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരാകേണ്ടതിനു തന്നെ" (യോഹ. 17:20-23).

(4-ാം പേജിന്റെ തുടർച്ച)

A\pX]n¨ ssZhs¯ At\zjnj

നാം നമ്മെ വിട്ടിട്ട് മറ്റുള്ളവരെ വിധിക്കും. അതുകൊണ്ട് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ദു:ഖിക്കയും നാം പ്രാപിക്കേണ്ടതായ ഉണർവ്വ് പ്രാപിക്കാൻ കഴിയാതെ പോകയും ചെയ്യുന്നു. ..വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും; അധികം ഏറ്റുവാങ്ങിയവനോട് അധികം ചോദിക്കും" (ലൂക്കോ. 12:48). ഇന്ന് നാം ചെയ്യുന്നത് നമ്മുടെ ആത്മീയ ജീവിതം പട്ടിണിയിലായിരിക്കുമ്പോൾ തന്നെ നാം പലരും മറ്റുള്ളവരെ വിമർശിക്കാനും, വിധിക്കാനും,കുറ്റം വിധിക്കാനുമൊക്കെയാണ് സമയം കണ്ടെത്തുന്നത്. വിധിക്കരുത് (മത്താ. 7:1). വധിക്കരുത്, എന്നാൽ നിങ്ങളെയും വിധിക്കയില്ല; ശിക്ഷക്കു വിധിക്കരുത്. എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകയില്ല (ലൂക്കോ. 6:37). " ...ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസ്സലിവും ഉള്ളവരായിരിപ്പിൻ" (1പത്രൊ. 3:8)

പ്രിയ സ്നേഹിതരേ, നമുക്ക് അനുതപിക്കാം ദൈവമുഖം അന്വേഷിക്കാം. കർത്താവ് വന്ന് നമ്മുടെ മേൽ വീതി വർഷിക്കും. "സീയോനിൽ സൈരികളായി ശമര്യാ പർവ്വതത്തിൽ നിർഭയരായി ജാതികളിൽ പ്രധാനമായതിൽ ശ്രേഷ്ഠന്മാരായി യിസ്രായേൽ ഗൃഹം വന്നു ചേരുന്നവരായുള്ളോരേ നിങ്ങൾക്ക് അയ്യോ കഷ്ടം" (ആമോ. 6:1). ഇങ്ങനെ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നും ഉമിണ്ണുകളയും (വെളി. 3:16). ഇതു യഹോവയെ അന്വേഷിപ്പാനുള്ള കാലം. അവൻ വന്ന് നീതി വർഷിപ്പിക്കുമല്ലോ.

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975